# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5188 22.05.2017-ലെ മറുപടി**

**2017 മാർച്ചിൽ കമ്മീഷൻ ചെയ്യേണ്ട കുടിവെള്ള പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ് : | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ | സംസ്ഥാനത്ത് 2017 മാർച്ചിൽ കമ്മീഷൻ ചെയ്യേണ്ട എന്തെല്ലാം കുടിവെള്ള പദ്ധതികളാണ് കെ.ഡബ്ല്യു.എ യുടെ അനാസ്ഥ മൂലം മുടങ്ങിക്കിടക്കുന്നത്; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഈ പദ്ധതികൾ മുന്നോട്ട് കൊണ്ടു പോകാൻ കരാറുകാർ തയ്യാറാകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | എ | കെ.ഡബ്ല്യൂ.എ. യുടെ അനാസ്ഥ മൂലം 2017 മാർച്ചിൽ കമ്മീഷൻ ചെയ്യേണ്ടതായ ശുദ്ധജലവിതരണ പദ്ധതികൾ ഒന്നും തന്നെ മുടങ്ങിക്കിടക്കുന്നില്ല. എന്നാൽ ഫണ്ടിന്റെ കുറവ്, റോഡ് കട്ടിംഗ് അനുമതിക്കുള്ള കാലതാമസം, വൈദ്യുത കണക്ഷനുള്ള താമസം, വ്യവഹാരങ്ങൾ തുടങ്ങിയ മറ്റു കാരണങ്ങൾ കൊണ്ട് 2017 മാർച്ചിൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും സാധിക്കാത്ത പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. യഥാസമയം ബില്ലുകൾ മാറി നൽകാൻ സാധിക്കാത്തത് കരാറുകാരുടെ ഭാഗത്തു നിന്നുള്ള മെല്ലെപ്പോക്കിനു കാരണമാകുന്നു. |
| ബി | കെ.ഡബ്ല്യു.എ യിൽ കരാറുകാരുടെ ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനത്തിന്റെ പുരോഗതി അറിയിക്കാമോ; | ബി | പൊതുമരാമത്ത് വകുപ്പിലേതു പോലെ ബിൽ ഡിസ്കൗണ്ടിങ് സംവിധാനം കേരള വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കിയിട്ടില്ല. എന്നാൽ കേരള വാട്ടർ അതോറിറ്റി SBI -ൽ നിന്ന് ഓവർ ഡ്രാഫ്റ്റ് എടുത്ത് കരാറുകാരുടെ ബിൽ തുക ലോൺ ആയി നൽകാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. |
| സി | കെ.ഡബ്ല്യു.എ കരാറുകാർക്ക് ബാങ്കുകൾ സർഫാസി ആക്ട് നടപ്പാക്കാൻ നോട്ടീസ് നൽകിയിട്ടും കെ.ഡബ്ല്യു.എ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു വരുന്നു എന്നറിയിക്കാമോ? | സി | കേരള വാട്ടർ അതോറിറ്റിക്ക് സർഫാസി ആക്ട് ബാധകമല്ല. |

Renuka Sankar
സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ.നം. | ജില്ല | പദ്ധതിയുടെ പേര് |
|---|---|---|
| 1 | പാലക്കാട് | കുഴൽമന്ദം, കണ്ണാടി, തേൻകുറിശ്ശി ശുദ്ധജലപദ്ധതിയുടെ ഒന്നാം ഘട്ട പദ്ധതികൾ |
| 2 | പാലക്കാട് | പെരുവമ്പ് പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ളപദ്ധതി |
| 3 | പാലക്കാട് | നെന്മാറ, അയിലൂർ, മേലാർകോട്, പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ളപദ്ധതി |
| 4 | മലപ്പുറം | മൂർക്കനാട് കുടിവെള്ള പദ്ധതി- കുട്ടിലങ്ങാടി പഞ്ചായത്തിലേക്കുള്ള വിതരണ ശൃംഖലകൾക്കുള്ള പ്രവൃത്തി |
| 5 | മലപ്പുറം | താഴേക്കോട്- ആലിപ്പറമ്പ് പദ്ധതിയുടെ ശുദ്ധീകരണശാലയുടെ പ്രവൃത്തി |
| 6 | മലപ്പുറം | നിലമ്പൂർ മുനിസിപ്പാലിറ്റിയിലേക്കുള്ള കുടിവെള്ളപദ്ധതിയുടെ വിതരണ ശൃംഖല |
| 7 | മലപ്പുറം | ജലനിധി – ഊരകം, വേങ്ങര, പറപ്പൂർ കുടിവെള്ളപദ്ധതി |

Renuka Sankar
സെക്ഷൻ ഓഫീസർ